മെഡിക്കൽകാളേജ് വിദ്യാർത്ഥികളുടെ പഠിപ്പുമുടക്ക്.

* 802. [24] ശ്രീ.പി.എം.കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തിരുമല ദേവസ്വം മെഡിക്കൽ കാളേജിലെ വിദ്യാർത്ഥികളും ഒരു കൂട്ടിയിരുപ്പുസത്യാഗ്രഹം നടത്തിയോ ;

(ബി) എന്തിനുവേണ്ടി; ഗവണ്മെന്റ് ഇതിൽ എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) നടത്തി.

(ബി) ട്യൂഷൻഫീസ് മുതലായവ കുറച്ചു കിട്ടുന്നതിനുവേണ്ടി. തിരുമല ദേവസ്വം മെഡിക്കൽകാളേജിലെ ട്യൂഷൻഫീസ് പ്രതിവർഷം 1000 രൂപയാക്കിയും ബാക്കിയുള്ള ഫീസുകൾ 250 രൂപയായും കുറയ്ക്കണമെന്നുള്ള ഒരു തീരുമാനം യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ 28-2-64-ൽ കൂടിയ മീറ്റിംഗിൽ എടുത്തിട്ടുണ്ട്. ഈ തീരുമാനം യൂണിവേഴ്സിറ്റി കാളേജധികൃതരെ അറിയിക്കുന്നുണ്ട്.

സീഡ്ഫാം.

* 803. [25] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ എവിടെയെല്ലാം സീഡ്ഫാംസ് നിലവിലുണ്ട്, എത്ര ഏക്കർവീതം നെൽകൃഷിക്കുപയോഗപ്പെടുത്തുന്നു ;

(ബി) കാലിതീറ്റി, കൂലി, വളം, വിത്ത്, പണിയായുധങ്ങൾ കൊയ്ത്തുകൂലി, ഫെൻസിംഗ്, സസ്യസംരക്ഷണം എന്നീ ഇനത്തിൽ ഓരോ ഫാമിലും ഈ കൊല്ലം എത്ര ചിലവുവന്നു ;

(സി) ഉദ്യോഗസ്ഥശമ്പളം, അലവൻസ്, മറ്റുചെലവുകൾ, കെട്ടിട സംരക്ഷണ ചെലവ് എന്നീ ഇനങ്ങളിൽ ഈ കൊല്ലം ഓരോ ഫാമിലും എത്ര ചെലവു ചെയ്തു ;

(ഡി) ഓരോ ഫാമത്തിലും ഈ കൊല്ലത്തെ ഓരോ വിളയിലും ഉല്പാദിപ്പിച്ച നെല്ല് എത്ര വീതം ;

(ഈ) ഓരോ ഫാമത്തിലെയും ലാഭനഷ്ടക്കണക്കുകൾ മേശപ്പുറത്തു വെയ്ക്കുമോ ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. †

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട് †

(ഈ) വിവരം ശേഖരിച്ചുവരുന്നു.

† Appendix III

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

Please see answer to Starred Question No. 803 (25)]

ജില്ല	സീഡ് ഫാമിന്റെ പേരു്	നെൽകൃഷി ചെയ്യുന്ന സ്ഥലം ഏക്കർ	ഓരോ ഫാമിലും ഒന്നാം വിളക്കല്ലാ ഭിപ്പിച്ച നെല്ലു്. കിലോഗ്രാം
1	2	3	4
തിരുവനന്തപുരം	1. ചിറയിൻകീഴു്	12·25	8,380
	2. ഉള്ളൂർ	14·00	8,000
കൊല്ലം	3. കരുനാഗപ്പള്ളി	19·22	6,608
	4. കടയ്ക്കൽ	10·80	9,209
	5. അടൂർ	16·18	2,836
ആലപ്പുഴ	6. ആറന്മറി		2,233
	മംഗലം	14·10	4,256
	7. പല്ലാടു്		
	8. വീയപുരം	54·41	പുഞ്ചകൃഷി
		35·41	കൊയ്ത്തു കഴി
കോട്ടയം	9. കുമരകം		ഞ്ഞിട്ടില്ല.
	10. വാലാച്ചിറ	26·26	8,428
	11. കോഴ	23·72	12,257
എറണാകുളം	12. ചെങ്ങരനാടു്	31·21	15,845
	13. കരിമണ്ണൂർ	11·74	8,230
തൃശ്ശൂർ	14. പാണഞ്ചേരി	20·17	14,947
	15. കോടശേരി	19·79	14,840
	16. എടത്തുരുത്തി	19·43	12,352
	17. പഴയന്നൂർ	20·47	16,741
	18. നടവരമ്പു്	25·64	9,967
പാലക്കാടു്	19. കുന്നത്തൂർ	20·12	17,660
	20. ആലത്തൂർ	10·18	5,552
	21. അവനൂർ	22·42	7,874
	22. കോങ്ങാടു്	10·91	9,832
	23. അനംഗനടി	12·81	9,140
കോഴിക്കോടു്	24. പൊക്കാടു്	25·29	14,761
	25. പെരുവണ്ണൂർ	10·38	3,525
	26. പുത്തുപ്പാടി	25·55	4,537
കണ്ണൂർ	27. കാങ്കോലം	19·31	18,707
	28. വെങ്ങാടു്	11·36	6,955
	29. കാസർഗോഡു്	24·34	13,979

LIBRARY ARCHIVES Kerala Legislative Assembly